**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് നഗരത്തിൽ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് നഗരത്തിൽ അമൃത് പദ്ധതി പ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നഗരസഭയിൽ അമൃത് 2.0 പദ്ധതി മുഖേന പുതിയ വിതരണ ശൃംഖല സ്ഥാപിച്ചും കാലപ്പഴക്കം ചെന്ന പൈപ്പ്ലൈനുകൾ മാറ്റിയും ഗാർഹികകണക്ഷനുകൾ നൽകുന്നതിനായുള്ള 2 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്.<br><br>1. 2500 ഗാർഹികകണക്ഷനുകൾ നൽകുന്നതിനായി 11.14 കോടി രൂപയുടെ ഭരണാനുമതി നൽകിയ ആദ്യ പദ്ധതി മുഖേന ഇതുവരെ 969 കണക്ഷനുകൾ നൽകികഴിഞ്ഞു. ടി പ്രവൃത്തി ഏകദേശം 72% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br>2. 1214 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 7.426 കോടി രൂപയുടെ ഭരണാനുമതി നൽകിയ രണ്ടാമത്തെ പ്രവൃത്തി കരാറു നൽകി നിർമ്മാണ പ്രവൃത്തികളുടെ ആരംഭഘട്ടത്തിലാണ്. ഈ പ്രവൃത്തി 2027 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കാസർഗോഡ് നഗരത്തിലെ എല്ലാ വാർഡുകളിലും അമൃത് പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ അമൃത് 2.0 പദ്ധതിയിൽ കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ 2 പ്രവൃത്തികൾ ക്കാണ് ഭരണാനുമതി നൽകിയത്. മുനിസിപ്പാലിറ്റി യിലെ മുഴുവൻ പ്രദേശങ്ങളും കവർ ചെയ്യുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ അനുവദിച്ച തുക വിനിയോഗിച്ച് മുനിസിപ്പാലിറ്റിയിലെ മുഴുവൻ വാർഡുകളിലും ഭാഗികമായി കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു. |
| (സി) | അമൃത് പദ്ധതിക്ക് കാസർഗോഡ് നഗരത്തിന് ആവശ്യമായ തുക എത്രയാണെന്നും ആയത് എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ; | (സി) | അമൃത് 2.0 പദ്ധതിയുടെ ഫേസ് 2 ൽ ഉൾപ്പെടുത്തി 2500 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 11.14 കോടിരൂപയുടെ ഭരണാനുമതിയും ഫേസ് 3 ൽ ഉൾപ്പെടുത്തി 1214 ഗാർഹിക കണക്ഷനുകൾ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി 7.426 കോടി രൂപയുടെ ഭരണാനുമതിയുമാണ് കാസർഗോഡ് നഗരസഭയ്ക്ക് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികൾ പൂർത്തിയായാലും നഗരസഭ പരിധിയിൽ പതിനായിരത്തോളം വീടുകൾക്ക് കുടി കണക്ഷനുകൾ നല്കാൻ ബാക്കിയുണ്ടാവും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ ഭവനങ്ങൾക്കും കണക്ഷൻ നൽകി സമ്പൂർണ കവറേജ് സാധ്യമാക്കുന്നതിനു 85 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഡി) | അമൃത് പദ്ധതിയുടെ ഭാഗമായി കാസർഗോഡ് നഗരത്തിൽ വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | AMRUT പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച റോഡുകൾ ബന്ധപ്പെട്ട ജല അതോറിറ്റിയുടെ കരാറുകാരൻ മുഖേനതന്നെ ആണ് നന്നാക്കുന്നത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് റോഡുകൾ പുനരുദ്ധരിക്കുന്ന പ്രവൃത്തികളും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ